സന്നികർഷോ ഹി മർത്ത്യാനാമനാദരണകാരണം
ഗാംഗം ഹിത്വാ യഥാന്യാംഭസ്തത്രത്യോ യാതി ശുദ്ധയേ (10-84-31)
വിത്തൈക്ഷണാം യജ്ഞ ദാനൈർഗൃഹൈർദ്ദാരസുതൈഷണാം
ആത്മലോകൈഷണാം ദേവ കാലേന വിസൃജേദ്ബുധ:
ഗ്രാമേ ത്യക്തൈഷണാ: സർവേ യയുർധീരാസ്തപോവനം (10-84-38)
മാ രാജ്യശ്രീരഭൂത് പുംസ: ശ്രേയസ്കാമസ്യ മാനദ
സ്വജനാനുത ബന്ധൂൻ വാ നപശ്യതി യയാന്ധദൃക് (10-84-64)

*ശുകമുനി തുടർന്നു:*
വസുദേവരുടെ അഭ്യർത്ഥന കേട്ട് നാരദമുനി ഇങ്ങിനെ പറഞ്ഞു. "മാമുനിമാരേ, വസുദേവർക്ക് ഈ സർവ്വജ്ഞനായ കൃഷ്ണൻ തന്റെ മകനാണല്ലോ. അതുകൊണ്ടാണ് ചോദ്യം നിങ്ങളോട് ചോദിക്കുന്നത്. ചിരപരിചിതത്വം കൊണ്ട് ആളുകൾ ചുറ്റുമുള്ളവരുടെ മാഹാത്മ്യത്തെ മനസ്സിലാക്കുന്നില്ല. ഗംഗാതീരത്തു വസിക്കുന്നവർ ആത്മസംസ്കരണത്തിനായി മറ്റു പുണ്യതീർത്ഥങ്ങൾ തേടി പോകുന്നതുപോലെയത്രെ ഇത്."

മാമുനിമാർ ഇങ്ങിനെ മറുപടി പറഞ്ഞു.
കർമ്മഫലങ്ങളിൽ നിന്നു മുക്തി നേടാനുള്ള മാർഗ്ഗം, എല്ലാ കർമ്മങ്ങളും ഭഗവൽപൂജകളായി ചെയ്യുക എന്നതാണ്. ഭഗവാനാണല്ലോ എല്ലാ യാഗപൂജാദികളുടെയും കർമ്മവും ലക്ഷ്യവും. മനുഷ്യർ ഇഹലോകത്തിൽ മൂന്നു തരത്തിലുള്ള ആഗ്രഹങ്ങൾക്കും ആസക്തികൾക്കും അടിമപ്പെട്ടിരിക്കുന്നു. സമ്പത്തിനായുള്ള ആഗ്രഹം. ഭാര്യാപുത്രാദികൾക്കായുള്ള ആഗ്രഹം. സ്വർഗ്ഗലാഭത്തിനായുള്ള ആഗ്രഹം. ഒരുവൻ സമ്പത്തിനായുള്ള ആഗ്രഹത്തെ പൂജാദികൾ കൊണ്ടും ദാനധർമ്മങ്ങൾ കൊണ്ടും. ഭാര്യാപുത്രാദികൾക്കായുള്ള ആഗ്രഹം ധാർമ്മീകമായ ഗൃഹസ്ഥാശ്രമജീവിതം കൊണ്ടും. സ്വർഗ്ഗലാഭത്തിനായുള്ള ആഗ്രഹം സ്വർഗ്ഗ ജീവിതത്തിന്റെ ക്ഷണികതയെപ്പറ്റി മനസ്സിലാക്കിയും അതിജീവിക്കേണ്ടതാണ്. ദേവതകളോടുള്ള കടം തീർക്കാതെ (യാഗപൂജാദികൾ നടത്താതെ)യും ശാസ്ത്രാദികൾ പഠിക്കാതെയും പ്രചരിപ്പിക്കാതെയും മാമുനിമാരോടുള്ള കടപ്പാടുകൾ തീർക്കാതെയും സന്താനങ്ങളുണ്ടാകാതെ പിതൃക്കളോടുള്ള കടം വീട്ടാതെയും ഗൃഹസ്ഥാശ്രമം ഉപേക്ഷിക്കുന്നവൻ തന്റെ ആത്മീയവളർച്ചയിൽനിന്നും തഴേയ്ക്കു പതിക്കുന്നു. അതുകൊണ്ട് അല്ലയോ വസുദേവരേ, യാഗകർമ്മാദികൾ ചെയ്ത് ഭഗവാനെ പ്രസാദിപ്പിച്ചാലും.

ഉടനേ തന്നെ, മഹർഷിമാരുടെ ഉപദേശത്തെ മാനിച്ച് വസുദേവൻ ഒരു യാഗം നടത്തി. ശാസ്ത്രാധിഷ്ഠിതവും മാമുനിമാരുടെ നിർദ്ദേശങ്ങൾക്കനുസരിച്ചും നടത്തിയ യാഗത്തിനു ശേഷം എല്ലാവർക്കും വിലപിടിച്ച സമ്മാനങ്ങൾ വിതരണം ചെയ്തു. നായ്ക്കൾക്കു പോലും സമ്മാനങ്ങൾ ലഭിച്ചു. അതിനുശേഷം രാജാക്കൻമാരും പ്രഭുക്കളും സ്വന്തം സ്ഥലങ്ങളിലേക്ക് മടങ്ങി. വസുദേവന് നന്ദഗോപരോട് ഏറ്റവും കൂടുതൽ അടുപ്പവും സ്നേഹവും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. "നമ്മുടെ സൗഹൃദം വാക്കുകൾക്കതീതമാണ്. നന്ദഗോപരേ, നിങ്ങൾ എന്നും ഞങ്ങളോട് നൻമ മാത്രമേ കാണിച്ചിട്ടുള്ളു. എന്നാൽ ഞങ്ങളോ, നന്ദികെട്ടവർ. കംസൻ ഞങ്ങളെ തടവിലാക്കിയിരുന്നപ്പോൾ ഞങ്ങൾ വിചാരിച്ചു ന്യായമായും നിങ്ങളുടെ ദയവിന് പ്രതിഫലമായൊന്നും ചെയ്യാൻ ഞങ്ങൾക്ക് കഴിയില്ല എന്ന്. എന്നാൽ ഞങ്ങൾ സ്വതന്ത്രരായപ്പോഴും നിങ്ങളോട് വേണ്ടപോലെ നന്ദിപ്രകടിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. അതാണ് അധികാരസ്ഥാനങ്ങളിലുള്ളവരുടെ അവസ്ഥ. അവർക്ക് സൗഹൃദം കൊണ്ടൊരുപയോഗവുമില്ല. അതുകൊണ്ട് ഏതൊരുവൻ സത്യമായും ക്ഷേമത്തെ കാംക്ഷിക്കുന്നുവോ, അവൻ ഭരണാധികാരവും സ്ഥാനമാനങ്ങളും ഉപേക്ഷിക്കേണ്ടതാണ്. കാരണം അവ സൗഹൃദങ്ങളെയും ബന്ധുതയെയും അകറ്റി നിർത്തുന്നു." വസുദേവരുടെ ആതിഥേയം ആസ്വദിച്ചു കൊണ്ട് നന്ദഗോപരും കൂട്ടരും കുറച്ചുനാൾകൂടി അവിടെ കഴിഞ്ഞു. വസുദേവൻ എല്ലാവരെയും പലേവിധങ്ങളിൽ സൽക്കരിച്ചു. കുറേക്കാലമങ്ങിനെ ഉല്ലസിച്ചുകഴിഞ്ഞ് നന്ദഗോപൻ വൃന്ദാവനത്തിലേക്കും യാദവർ ദ്വാരകയിലേക്കും മടങ്ങി.